**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1323** **01-02-2024 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന നടപ്പിലാക്കുന്ന തീരദേശ ഹൈവേയുടെ എത്ര കിലോ മീറ്റർ ദൂരമാണ് കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നു പോകുന്നത്; നാറ്റ്പാക് സർവ്വേ നടപടികൾ പൂർത്തിയാക്കി അലൈമെന്റ് നടപടികൾ പൂർത്തിയാക്കിയോ; വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ 12.7 കി.മീ ആണ് കല്ല്യാശ്ശേരി മണ്ഡലത്തിൽ കൂടി കടന്നുപോകുന്നത്. അലൈൻമെന്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സർവ്വേ നടപടികൾ NATPAC പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ തയ്യാറാക്കിയ അലൈൻമെന്റിന്റെ സാധ്യത പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സ്ഥലത്ത് എത്ര പാലങ്ങളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്; എവിടെയൊക്കെയാണ്; പ്രസ്തുത പാലങ്ങൾക്കു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | തീരദേശ ഹൈവേയുടെ ഭാഗമായി കല്ല്യാശ്ശേരി മണ്ഡലത്തിൽ 2 പാലങ്ങൾ, (അഴീക്കൽ, പാലക്കോട്) ആണ് നിർമ്മിക്കാൻ വിഭാവനം ചെയ്തിരിക്കുന്നത്. പരിശോധന ഘട്ടത്തിൽ ഉള്ള ഈ ഭാഗത്തിന്റെ അലൈൻമെന്റ് അന്തിമമാക്കി ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ